തന്നാണ്ടിൽ സർവ്വശിക്ഷാ അഭിയാൻ പദ്ധതി നടത്തിപ്പിനായി കേന്ദ്ര സർക്കാർ അംഗീകരിച്ച ബഡ്ജറ്റിൻ പ്രകാരം സംസ്ഥാന സർക്കാർവഴി 103 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

ഉന്നതവിദ്യാഭ്യാസ മേഖലയിലെ ഗുണനിലവാരവും മത്സരക്ഷമതയും വർദ്ധിപ്പിക്കുന്നതിന് കേന്ദ്ര സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാൻ. 2013-14 വർഷം കേന്ദ്ര വിഹിതമായി 2.60 കോടി രൂപ അനുവദിച്ചു.

വർണ്ണം, ലിംഗം, ഉച്ചനീചത്വം എന്നീ വ്യത്യാസങ്ങൾ ഇല്ലാതെ ആരോഗ്യ പൂർണ്ണമായ ഒരു ഭാവിതലമുറയെ വാർത്തെടുക്കുക എന്ന ഉദ്ദേശലക്ഷ്യത്തോടു കൂടി നടപ്പിലാക്കിവരുന്ന ഒരു പദ്ധതിയാണ് സ്കൂൾ ഉച്ചഭക്ഷണ പരിപാടി. കുട്ടികളുടെ പഠനത്തോടൊപ്പം ആരോഗ്യം മെച്ചപ്പെടുത്തുക, വിദ്യാഭ്യാസം സാർവ്വത്രികമാക്കുക, പഠനത്തിൽനിന്നും കൊഴിഞ്ഞുപോക്ക് ഒഴിവാക്കുക എന്നിവയാണ് ഉച്ചഭക്ഷണ പദ്ധതിയുടെ ലക്ഷ്യവും നേട്ടവും. സംസ്ഥാനത്തെ സ്കൂളുകളിൽ ഉച്ചഭക്ഷണ പരിപാടിക്ക് അനുവദിച്ചിട്ടുള്ള കേന്ദ്രവിഹിതത്തിന്റെ ആദ്യ ഗഡുവായി 5543.11 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്.

(ഇ) ഈ പദ്ധതികളുടെ സുഗമമായ നടത്തിപ്പിനാവശ്യമായ സംസ്ഥാന വിഹിതം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കേന്ദ്ര വിഹിതയിനത്തിൽ ആവശ്യമായ അധിക ബഡ്ജറ്റ് വിഹിതം ഉപധനാഭ്യർത്ഥനകളിലൂടെ ലഭ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്.

ഇ -ഫയലിംഗ് സംവിധാനത്തിലെ പോരായ്മകൾ

121 (6572) ശ്രീ. എം. വി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ :

(എ) ധനകാര്യ വകുപ്പിൽ ഇ-ഫയലിംഗ് നടപ്പിലാക്കിയത് വ്യക്തമായ പഠനത്തിന്റെ അടിസ്ഥാനത്തിലാണോ ;

(ബി) ഇ-ഫയലിംഗ്വഴി ഫയലുകൾ തപാൽ നമ്പരിട്ട് സെക്ഷനുകളിലെത്താൻ കാലതാമസം ഉണ്ടാകുന്നുണ്ടോ ;

(സി) ഇ-ഫയലിംഗ് ഏതൊക്കെ സംസ്ഥാനങ്ങളിൽ നടപ്പിലാക്കി വരുന്നുവെന്ന് വ്യക്തമാക്കുമോ ;

(ഡി) റിട്ട് പെറ്റീഷൻ പോലെ അധിക പേജുകളുള്ള ഫയലുകളിൽ ഇ-ഫയലിംഗ് സംവിധാനം കാലതാമസം ഉണ്ടാക്കുന്നുവെങ്കിൽ ആയത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) അതെ. കേന്ദ്രസർക്കാർ ആവിഷ്കരിച്ച ദേശീയ ഇ ഗവേർണൻസ് പദ്ധതിയുടെ ഭാഗമായ മിഷൻ മോഡ് പ്രോജക്ടുകളിൽ ഒന്നാണ് നാഷണൽ ഇൻഫർമേറ്റിക് സെന്റർ വികസിപ്പിച്ചെടുത്ത ഇ-ഓഫീസ് സോഫ്റ്റ്വെയർ. ഇത് കേന്ദ്ര സർക്കാർ വിഭാവനം ചെയ്ത ഒരു സോഫ്റ്റ്വെയർ ആണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ആരംഭ ഘട്ടത്തിൽ സാധാരണയായി ഉണ്ടാകാറുള്ള ചെറിയ കാലതാമസം ഉണ്ടാകുന്നുണ്ട്. അത് പരിഹരിക്കാനുള്ള നടപടികൾ യുദ്ധകാലാടിസ്ഥാനത്തിൽ സ്വീകരിച്ചുവരുന്നു.

(സി) മഹാരാഷ്ട്ര, രാജസ്ഥാൻ, തമിഴ്നാട്.

(ഡി) റിട്ട് പെറ്റീഷൻ ഫയലുകൾ പരിസിഥരിൽ ഫയൽ രൂപത്തിലാണ് പരിശോധിക്കുന്നത്. അധികം പേജുകളുള്ള ഫയലുകൾ സ്കാൻ ചെയ്യുവാൻ കൂടുതൽ സമയം ആവശ്യമാണ്. അത് പരിഹരിക്കുന്നതിനായി ധനകാര്യ (ആർ.എം.യു.) വകുപ്പിൽ മൂന്ന് ഉയർന്ന പ്രവർത്തനക്ഷമതയുള്ള സ്കാനറുകൾ സജ്ജമാക്കിയിട്ടുണ്ട്. അതുവഴി സ്കാൻ ചെയ്ത് ഫയലുകൾ ഡയറൈസേഷൻ നടത്തിയശേഷം സെക്ഷനുകളിലേക്ക് ഈ ഓഫീസ്വഴി അയയ്ക്കുന്നു. എന്നാൽ കുറച്ച് പേജുകളുള്ള താരാലുകൾ അതാത് സെക്ഷനുകളിൽതന്നെ ഫ്ളാറ്റ് ബെഡ് സ്കാനറുകൾവഴി സ്കാൻ ചെയ്ത് കാലതാമസം കൂടാതെ തീർപ്പുകൽപ്പിക്കുന്നുണ്ട്.

ഭരണാനുമതി കാത്തുകിടക്കുന്ന ഫയലുകൾ

122 (6573) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ വികസന പദ്ധതികളുടെ ഭരണാനുമതിക്കായി വന്ന എത്ര ഫയലുകൾ ധനകാര്യവകുപ്പിൽ കെട്ടിക്കിടപ്പുണ്ടെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുതഫയലുകളിലെല്ലാം ചേർന്ന് എത്ര രൂപയുടെ പദ്ധതികളാണ് ഉള്ളതെന്ന് വിശദമാക്കാമോ ;

(സി) ധനകാര്യ വകുപ്പിൽ മൂന്ന് മാസക്കാലമായി തീർപ്പുകൽപ്പിക്കാത്ത എത്ര ഫയലുകളുണ്ടെന്ന് വിശദമാക്കാമോ ;

(ഡി) ടി ഫയലുകളിൽ എന്നത്തേക്ക് തീർപ്പ് കൽപ്പിക്കുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

ധനോത്തരവാദ നിയമപ്രകാരം ഉള്ള ലക്ഷ്യം

123 (6574) ശ്രീ. മാത്യു റ്റി. തോമസ് :
ശ്രീ. ജോസ് തെറ്റയിൽ :
ശ്രീ. സി. കെ. നാണു :
ശ്രീമതി ജമീലാ പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ധനോത്തരവാദ നിയമപ്രകാരം ഉള്ള ലക്ഷ്യം കൈവരിക്കുവാൻ സാധിച്ചിട്ടുണ്ടോ വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly